# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.226 19.03.2015-ൽ മറുപടിയ്ക്ക്**

## ചെറുകിട ജലസംഭരണ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ.എൻ.ഷംസുദ്ദീൻ**<br>**ശ്രീ.പി.ഉബൈദുള്ള:** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ചെറുകിട ജലസംഭരണ സംവിധാന മൊരുക്കി ജലസംഭരണം വർദ്ധിപ്പി ക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) ചെറുകിട ജലസംഭരണികൾ നിർമ്മിച്ചും സ്വാഭാവിക ജലസംഭരണികളായ കുളങ്ങളും ചിറകളും സംരക്ഷിച്ചും സംസ്ഥാനത്ത് ജലസംഭരണം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. **<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>**<br>ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഒരു കുളമെങ്കിലും ഏറ്റെടുത്ത് നവീ കരിക്കുന്നതിനും ജലസംഭരണ ശേഷി വദ്ധിപ്പിക്കുന്നതിനും ആണ് ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്ന തിനായി ഏറ്റെടുക്കുകയും 133 കുളങ്ങളുടെ നവീകരണം പൂർത്തീ കരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2. **<u>ചെക്ക് ഡാമുകളുടെ നിർമ്മാണം</u>**<br>കേരളത്തിൽ വരൾച്ച നേരിടുന്നതിനും നദികളിൽ ജലസംഭരണ ശേഷി വർദ്ധിപ്പിച്ച് വേനൽക്കാലത്ത് സ്വാഭാവിക നീരൊഴുക്ക് കുറെയെങ്കിലും നിലനിർത്തുന്നതിനും സമീപ പ്രദേശങ്ങളിൽ ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ട് ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനായി സസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 700 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് 400 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ആകെ 190 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് 110.38 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന്റെ വ്യവസ്ഥകൾ സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടി നിർദ്ദേശിക്കുന്ന പദ്ധതികളാണ് ഇപ്രകാരം ഏറ്റെടുക്കുന്നത്. എന്നാൽ സ്വകാര്യ വ്യക്തികൾക്ക് ജല സംഭരണികൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുവാൻ ഈ പദ്ധതികളിൽ വിഭാവന ചെയ്തിട്ടില്ല. |
| (സി) | ഈ സാമ്പത്തിക വർഷം ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | മേൽപ്പറഞ്ഞ പദ്ധതികളിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയ്ക്കായി നാളിതുവരെ 6.51 കോടി രൂപ ചിലവായിട്ടുണ്ട്. ചെക്ക് ഡാമുകളുടെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ഈയിനത്തിൽ ഈ വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**